## മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ബിരുദങ്ങളുടെ അംഗീകാരം – അനുവദിച്ചു കൊണ്ട് – ഉത്തരവിറക്കുന്നു.

---

### അക്കാദമിക് 'ഡി' വിഭാഗം

നം. 6158/എസി.ഡി./01/2017/അക്കാദമിക് തീയതി, പി.ഡി. ഹിൽസ് 20.10.2017

സൂചന: 1. സർവ്വകലാശാല ഉത്തരവ് നം. 220/എസി.ഡി./01/2016/അക്കാദമിക് തീയതി 10.01.2017.

2. 06.05.2017ൽ നടത്തിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് മിനിറ്റ്സ് ഇനം നം. 80/എസി.17/17147.

3. 25.09.2017 ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 10.

### ഉത്തരവ്

1.ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ബിരുദങ്ങൾ അംഗീകരിക്കുന്നതിനെപ്പറ്റി പഠനം നടത്താനും അതിന്റെ പ്രായോഗികതയെക്കുറിച്ചു റിപ്പോർട്ട് സമർപ്പിക്കാനുമായി സൂചന (1) പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ സൂചന (2) പ്രകാരം അക്കാദമിക് കൗൺസിൽ പരിഗണിക്കുകയും അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനക്കും ശുപാർശകൾക്കുമായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. സൂചന (3) പ്രകാരം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി താഴെപ്പറയുന്ന ശുപാർശകൾ നൽകി.

'30.09.2016ലെ യു.ജി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള NITs, IITs, IISERs, AIIMS, Central University മുതലായ ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ നൽകുന്ന ബിരുദങ്ങൾ അംഗീകരിച്ചതു പോലെ തന്നെ Indian Institute of Management / Institute of Chartered Accountants of India/Institute of Cost Accountants of India / Institute of Company Secretaries of India നൽകുന്ന ബിരുദങ്ങളും അംഗീകരിക്കുവാൻ ശുപാർശ ചെയ്യുന്നു. IISER നൽകുന്ന ബിരുദങ്ങളിലെ മേജർ വിഷയങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ട് ഈ സർവ്വകലാശാലയുടെ ബന്ധപ്പെട്ട വിഷയങ്ങളോട് തുല്യത നൽകുന്നതിന് ശുപാർശ ചെയ്യുന്നു.'

2. മഹാത്മാഗാന്ധി സർവകലാശാലയുടെ ആക്ട് 1985 അധ്യായം 3 ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ മേൽപ്പറഞ്ഞ ശുപാർശകൾ അംഗീകരിച്ചു.

3. തദനുസരണം ഉത്തരവാകുന്നു

ഒപ്പ്/-

ദിലീപ് കുമാർ ആർ.

അസ്സിസ്റ്റൻറ് രജിസ്ട്രാർ III (അക്കാദമിക്)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1.പ്രൈവറ്റ് സെക്രട്ടറി – (വി.സി./പി.വി.സി)
2.രജിസ്ട്രാറുടെ പി.എ.
3.എ.സി.സി.സെക്ഷൻ
4.ഐ.ക്യു.എ.സി.
5.കൻടൻറ് മാനേജ്മെൻറ് സെക്ഷൻ
6.കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.ഡി./01/15530/സി.ആർ./2017